


കുടുംബത്തിലെ ഒരംഗം
കേരള
കൗമുദി
ആഴ്ചപ്പതിപ്പ്
www.kaumudiweekly.com
2017 Jan 04 - 11
വില ₹10
മോനിഷ മരിച്ചത്
ഡ്രൈവർ ഉറങ്ങിയിട്ടല്ല
“അവൾ ഒന്നു ചിരിച്ചു. കതക് കുറ്റിയിട്ട് വസ്ത്രം
ഒരു പ്രത്യേക രീതിയിൽ പിടിച്ച് ഒന്നിങ്ങനെ തിരിഞ്ഞ്
വീണ്ടും പറഞ്ഞു, യൂ ഡോണ്ട് നോ മീ... അയാം മൊനീഷ...
മൊനീഷാ... അതിന് ഒരുപാട് അർത്ഥമുണ്ട്.
ആ ആക്ഷൻ ഒരിക്കലും ഞാൻ മറക്കില്ല”
ഓർമ്മച്ചിത്രങ്ങൾക്കൊപ്പം ശ്രീദേവി ഉണ്ണി

കഥ

# ഭാഗപത്രം

ശിവദാസൻ എ.കെ




കൂനം കുറിച്ചിയിലെ കൊച്ചുമേരിടീച്ചർ മരിച്ചത് കഴിഞ്ഞ മാസമാണ്. തരകന്മാരുടെ പരമ്പരാഗതമായ കുടുംബക്കല്ലറയിലാണ് അടക്കിയത്.

ആങ്ങള ഗീവർഗീസ് തരകന്റെ അമേരിക്കയിലുള്ള മകൻ ക്ലമൻസോ തരകനൊഴിച്ച് അടുത്ത ബന്ധുക്കളിൽ ചടങ്ങിനെത്തിയവർ കുറവായിരുന്നെങ്കിലും കുറെ ദൂരെ മാറി താമസിക്കുന്ന ടീച്ചറുടെ അപ്പന്റെ വകയിലുള്ള ബന്ധുക്കളും നാട്ടുകാരുമെല്ലാം ധാരാളമായി എത്തിയിരുന്നു.

ഒരു കാലത്ത് നാട്ടിലെ എണ്ണം പറഞ്ഞ പണക്കാരനായിരുന്ന ടീച്ചറിന്റെ അപ്പൻ ദേവസ്സി തരകൻ. അങ്ങേർക്ക് നാല് മക്കളായിരുന്നു. മൂത്തവൻ പ്രാഞ്ചി അകാലത്തിലേ മരിച്ചുപോയി. പിന്നെ രണ്ടാണുങ്ങൾ ആന്റണി തരകനും ഗീവർഗീസ് തരകനും. ഒരേയൊരു മകളായിരുന്നു കൊച്ചുമേരിടീച്ചർ.

പ്രീഡിഗ്രിയായിരുന്നു  ടീച്ചറുടെ വിദ്യാഭ്യാസം. ആന്റണി തരകനും ഗീവർഗീസ് തരകനും പെണ്ണുകെട്ടിയിട്ടും രണ്ടും മൂന്നും പിള്ളേര് വീതമായിട്ടും കൊച്ചുമേരി വിവാഹിതയായില്ല.

പഠിക്കുന്നകാലത്ത്കൊച്ചുമേരിക്ക്ഏതോ അന്യജാതിക്കാരനോട്പ്രേമമായിരുന്നെന്നും വിവാഹം നടക്കാത്ത നൈരാശ്യത്തിൽ വേറെ സംബന്ധത്തിനൊന്നും ആലോചിക്കാതെ നിന്നുപോയതാണെന്നും പറയുന്നവരുണ്ട്. അങ്ങനെയല്ല, നേരത്തെ മരിച്ചുപോയ അപ്പന്റെ സ്വത്ത്കൈവിട്ടുപോകാതിരിക്കാൻ ആങ്ങളമാർ രണ്ടും ചേർന്ന്കൊച്ചുമേരിയുടെ കാര്യത്തിൽ ഉദാസീനത കാണിച്ചതാണെന്ന്കരുതുന്നവരും ഉണ്ട്. എന്നാൽ ഇതൊന്നും ശ്രദ്ധിക്കാതെ തനിക്കറിയാവുന്ന ഒരു തൊഴിൽ സ്വയമങ്ങ് ഏറ്റെടുക്കുകയായിരുന്നു. ട്യൂഷൻ പഠിപ്പിക്കൽ.

ഒരാൾക്ക് മാസത്തിൽ അഞ്ചുരൂപ ഫീസുള്ള നാൾ മുതൽ തുടങ്ങിയതാണ്. കാലം എത്രയാണ് കഴിഞ്ഞുപോയത്. ടീച്ചറുടെ അടുത്ത് പഠിക്കാതെ സ്കൂളിൽ പോയത് കൊണ്ട് കാര്യമില്ല എന്നുവരെ നാട്ടുകാർ ചിന്തിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു.

കുന്നിൻ മുകളിൽ തുഷാരഗിരി ഇംഗ്ലീഷ് മീഡിയം സ്കൂളും താഴെ സർക്കാർ വക ഹൈസ്കൂളും കാലക്രമേണ ഉയർന്നു വന്നിട്ടും ടീച്ചറുടെ കൈപ്പുണ്യത്തിന് ചോർച്ചയൊന്നും വന്നില്ല. ടീച്ചറെ കൊണ്ട്  അപേക്ഷയെഴുതിക്കുന്നതിലും ഗുണമുണ്ടെന്ന് കരുതിയവരുണ്ട്. ഓൺലൈൻ അപേക്ഷകൾക്കും പരീക്ഷകൾക്കും മുൻപ് അപേക്ഷയെഴുത്തിനുപോലും തിരക്കായിരുന്നു ടീച്ചറുടെ അടുത്ത്.

ഉദാരമനസായിരുന്നു ടീച്ചർക്ക്. എത്ര തുക ഫീസുള്ളപ്പോഴും മൂന്നുനേരം ഉണ്ണാനില്ലാത്ത കുട്ടികൾ യാതൊരു അവഹേളനവും നേരിടാതെ ടീച്ചറുടെ അടുത്ത് പഠിച്ചു. പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വേർതിരിവുണ്ടായില്ല. പഴയ തറവാട്ടു വീടിന്റെ പിന്നിലെ ചായ്പിൽ പാഴ്മരങ്ങളുടെ വെള്ളപ്പലകകൾ ചേർത്ത് അടിച്ച ബഞ്ചിലും ഡസ്ക്കിലുമായി താറാവു കൂട്ടം ഒട്ടിപ്പിടിച്ച പോലെ കുട്ടികൾ പെരുകി നടന്നു. കലഹവും, ഇണക്കവും കൗമാരപ്രണയവുമൊക്കെയായി അത് ഒരു സമാന്തര കലാലയം തന്നെയായിരുന്നു.

അതിരുകവിഞ്ഞ മർദ്ദനോപാധികളൊന്നും ടീച്ചറുടെ പരിപാടിയിലുണ്ടായിരുന്നില്ല. കട ചേർത്തുവെട്ടി, എണ്ണ തഴുകി നിഴലിട്ടുണക്കിയ ഒന്നാംതരം പാണൽ വടിയും കടയിൽ നിന്ന് വിലയിട്ടു വാങ്ങിയ ചൂരലും അധികസമയവും ടീച്ചറുടെ പ്രിയപ്പെട്ട പുസ്തകങ്ങളോടൊപ്പം തടിയലമാരയിൽ വിശ്രമിച്ചതേ ഉള്ളൂ.

കാലത്തിന്റെ കുത്തൊഴുക്കിൽ വളർന്നു പോയ ആന്റണി തരകന്റെയും ഗീവർഗീസ് തരകന്റെയും മക്കൾ അമേരിക്കയിലേക്കും ലണ്ടനിലേക്കും കൂടുമാറിപ്പോയി. ഒപ്പം തരകൻ കുടുംബത്തിലെ പല താവഴികളും താമസം കൊണ്ട് വിദേശീയരായി.

ആളും അർത്ഥവും നിറഞ്ഞുനിന്ന തരകൻ തറവാട് ശൂന്യമാകാൻ തുടങ്ങി. ഒടുവിൽ ടീച്ചറുടെ ആങ്ങളമാരും നാത്തൂൻമാരും കൂടി വിദേശികളായി. കൊച്ചുമേരിടീച്ചറെ കൊണ്ടുപോകാത്തതാണെന്നും ടീച്ചർ സ്വമേധയാ പോകാത്തതാണെന്നും സംസാരമുണ്ടായി.

എന്തായാലും ഞാൻ പഠിക്കാൻ ചെല്ലുന്ന കാലത്ത് കുന്നിൻ മുകളിലെ പള്ളിമുറ്റത്തു നിന്നും താഴേക്ക് ഓടിയിറങ്ങുന്ന ചെമ്മൺ വഴിയുടെ ഓരത്ത് കാട്ടുതെച്ചിപ്പൂക്കൾ അതിർത്തിയിട്ട തറവാട്ടുപറമ്പിലെ പഴയ വീട്ടിൽ ടീച്ചർ ഒറ്റക്കായിരുന്നു.

മദ്ധ്യവയസ്സിന്റെ പ്രൗഢിയിൽ ടീച്ചർ നടക്കുന്നതും, എടുക്കുന്നതും, സംസാരിക്കുന്നതുമെല്ലാം ഞങ്ങൾആദരവോടെ നോക്കിനിന്നു. ടീച്ചർ പഠിപ്പിച്ചു വിട്ട് ലോകത്തെ നാനാപ്രദേശങ്ങളിൽ ചേക്കേറിയ പലരും നാട്ടിൽ വരുമ്പോൾ കുടുംബമായി ടീച്ചറെ കാണാൻ വന്നു. ടീച്ചർക്കവർ ഏറ്റവും ഇഷ്ടപ്പെട്ട പേനയോ, ഇംഗ്ലീഷ്മലയാളം പുസ്തകങ്ങളോ സമ്മാനിച്ചു. ഇംഗ്ലീഷ് കടുകട്ടിയായ ഞങ്ങൾക്ക് ടീച്ചറോടെന്ന പോലെ ആ പുസ്തകങ്ങളോടും വലിയ ആരാധനയായിരുന്നു. ഇതിനിടയിൽ ശൂന്യമായ തറവാടിന്റെ ഉള്ളറകളിലേക്ക് ട്യൂഷൻ ക്ലാസ് വളർന്നിരുന്നു. പഴയ കോൺക്രീറ്റിന്റെ നൂൽപ്പഴുതുകളിലൂടെ തുളഞ്ഞിറങ്ങിയ മഴവെള്ളം അവിഹിതമായി പെറ്റിട്ട പച്ചപ്പായലുകളായിരുന്നു ചുമരിലെമ്പാടും. പായലിന്റെ മണമായിരുന്നു ഞങ്ങളുടെ ട്യൂഷൻ ക്ലാസുകൾക്ക്.

വാർദ്ധക്യത്തിന്റെ കെടുതിയിൽ ടീച്ചർ അധികകാലം കിടന്നില്ല. ഏറിയാൽ ഒരു മൂന്നുമാസം. അതിനുമുമ്പേ സ്വന്തമായി കാര്യങ്ങൾക്ക് മുട്ടുവന്നപ്പോൾ സഹായിക്കാനായി സ്റ്റേറ്റ്സിലുള്ള ക്ലമൻസോ തരകൻ ഏല്പിച്ച നാട്ടുകാരി ഹോം നഴ്സ് കൂട്ടുണ്ടായിരുന്നു. സ്റ്റെഫാനി എന്നായിരുന്നു അവളുടെ പേര്.

'ആ കൊച്ച്പെറ്റ തള്ളേ നോക്കുന്നത്പോലെയല്ല്യോ ടീച്ചറെ നോക്കുന്നത്...'

നാട്ടിലെ പല പെണ്ണുങ്ങളും പരസ്പരം പറഞ്ഞുനടന്നു.

കർക്കിടകത്തിലെ ആകെ നനഞ്ഞു പോയ ദിവസമായിരുന്നു അത്. വാളും പരിചയുമെടുത്ത് ആകാശം അങ്കപ്പുറപ്പാട് നടത്തി. ഇടയ്ക്ക് കരിമേഘങ്ങളുടെ കൺകോണുകളിൽ നിന്ന് അഗ്നിനാമ്പുകൾ പാഞ്ഞുവന്നു. തെങ്ങിൻ മണ്ടകളിലൂടെ അലഞ്ഞുനടന്നൊരു പിശറൻ കാറ്റ് വെള്ളം കുടിച്ച് ചീർത്ത് ചുഴലിയായി.

ഉച്ചകഴിഞ്ഞപ്പോഴൊ കുന്നിൻ മുകളിലെ പള്ളിമണി മുട്ടിപ്പായി മുഴങ്ങാൻ തുടങ്ങി. കേട്ടവർ, കേട്ടവർ ആരാ മരിച്ചേ എന്ന് ഉത്കണ്ഠപ്പെട്ടിരിക്കെ മൊബൈൽ ഫോണുകളിലൂടെ മരണസന്ദേശം പാഞ്ഞു. ആളുകൾ കൂട്ടമായി തറവാട്ടുവീട്ടിലെത്തി. അവിടെ വെള്ളപുതപ്പിച്ച് കിടത്തിയിരുന്ന കൊച്ചുമേരിടീച്ചറുടെ ജഡം കണ്ടു. പെണ്ണുങ്ങൾ കൂട്ടമായി പാടി.

'മരണം വരുമൊരു നാൾ ഓർക്കുക മർത്ത്യാ നീ
കൂടെ പോരുന്നു നിൻ ജീവിത ചെയ്തികളും.'

പിറ്റേന്നായിരുന്നു ശവമടക്ക്. നാട്ടിലെ ആബാലവൃദ്ധം ജനങ്ങളും ചടങ്ങിൽ പങ്കുകൊണ്ടു. ഒരു അക്ഷരക്കാലം തീർന്നുപോയെന്ന് ടീച്ചർ പഠിപ്പിച്ച് കണ്ണുതെളിഞ്ഞുപോയൊരു ശിഷ്യൻ പിറുപിറുക്കുന്നത് ഞാൻ കേട്ടു.

എല്ലാ മരണവും പോലെ മറവിയുടെ കറുത്ത തിരശ്ശീലയിലേക്ക് അതും പോയ് മറഞ്ഞേനെ അങ്ങിനെയൊന്നും സംഭവിച്ചില്ലായിരുന്നെങ്കിൽ.

പള്ളിമുറ്റത്തുനിന്നും താഴേക്കുള്ള റോഡ് പിണങ്ങിപ്പിരിയുന്ന കവലയിൽ ചായക്കട നടത്തിവരികയായിരുന്നു തോമാച്ചൻ.

അപ്പോഴാണ് കൊച്ചുമേരി ടീച്ചർ കയറിവന്നത്. ഒരാഴ്ച മുമ്പ് മരിച്ചുപോയയാളുടെ ഒരു ലക്ഷണവുമില്ലായിരുന്നു. മുമ്പേ എഴുന്നേറ്റ് നടന്നിരുന്ന കാലത്തേത് പോലെ തന്നെ. സ്ഥായിയായ പുഞ്ചിരി മുഖത്തുണ്ട്. ഉയർത്തിപ്പിടിച്ച മുഖം. സാരിത്തലപ്പ് തോൾവഴി പുതച്ചിട്ടുണ്ട്.

മരവിച്ചുപോയ തോമാച്ചനരികിൽ ടീച്ചർ ചെന്നിരുന്നു. മൃദുവായ ഒരു വാത്സല്യം മുഖത്ത് തെളിഞ്ഞു.

പഠിക്കാൻ മിടുക്കനായിരുന്നില്ലെങ്കിലും തന്റെ പ്രിയപ്പെട്ട ശിഷ്യരിൽ ഒരാളായിരുന്നു തോമാച്ചൻ എന്ന് ടീച്ചർ പറഞ്ഞു. ഈ നാടു വിട്ടുപോകാൻ മനസ്സുവരില്ലെന്നൊക്കെ പറഞ്ഞു കരഞ്ഞു.

ആരെയും വിളിക്കാൻ തോമാച്ചന് നാവു പൊന്തിയില്ല. തൊട്ടപ്പുറത്തെ വീട്ടുമുറിയിൽ ഭാര്യ നാളത്തെ ദോശക്കു വേണ്ടി ആട്ടുകല്ലിനോട് കലഹിക്കുന്നുണ്ടായിരുന്നു. കുട്ടികൾ കാർട്ടൂൺ ചാനലിനു മുന്നിൽ മതിമറന്നിരിപ്പുണ്ട്. എന്നിട്ടും തോമാച്ചന് അനങ്ങാനായില്ല. അല്പമിരുന്ന് ടീച്ചർ വന്നപോലെ ഇറങ്ങിപ്പോകുകയായിരുന്നു.

പതിവ് പ്രേതസങ്കല്പങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു അത്. കൊടുങ്കാറ്റോ പേമാരിയോ ഉണ്ടായില്ല. നായ്ക്കളുടെ ഓരിയിടലോ പേടിപ്പിക്കുന്ന കോലാഹലങ്ങളോ ഉണ്ടായില്ല.

കാര്യങ്ങൾ വിശദീകരിക്കവേ തോമാച്ചൻ പറഞ്ഞു.

'എല്ലാ കൂദാശയും ഏറ്റുവാങ്ങി മരിച്ചതാ. ഇത് പ്രേതോന്നുമല്ല. എന്നാ ഒരു ശക്തിയില്ലേ എന്നുവച്ചാ ഉണ്ട്. ജീവിച്ചിരുന്ന കാലത്ത് പുണ്യമല്ലേ ചെയ്തിട്ടുള്ളൂ. മിശിഹാ തമ്പുരാൻ ഉയിർത്തപ്പം ആരെങ്കിലും പ്രേതമെന്ന് വിളിച്ചോ. ഇല്ല. ഇതും അങ്ങനെ തന്നെ. അല്ലേലും ചില ആത്മാക്കള് പ്രിയപ്പെട്ടവരെ കാണാനെത്തുന്നത് അത്ഭുതമൊന്നുമല്ല.'

ഇതിനുമാത്രം തോമാച്ചൻ എങ്ങനെയാണ് ടീച്ചർക്ക് പ്രിയപ്പെട്ടവനായത് എന്ന് കേട്ടുനിന്നവർക്ക് മനസിലായില്ല. പക്ഷേ തോമാച്ചനങ്ങനെ നുണ പറയുന്നവനുമല്ല.

ആളുകളുടെ അനിശ്ചിതത്വത്തിനുമേൽ ടീച്ചർ വീണ്ടും പ്രത്യക്ഷപ്പെട്ടു. ഇത്തവണ ടീച്ചറുടെ പഴയ ശിഷ്യ വിലാസിനിയുടെ അടുത്തേക്കാണ് ചെന്നത്. ഒരു കാലത്ത് ടീച്ചറുടെ ശിഷ്യരിൽ ഏറ്റവും മിടുക്കിയായിരുന്നു വിലാസിനി.

വിലാസിനിയെ കണ്ട് പഠിക്ക്. ടീച്ചർ ഉഴപ്പി നടക്കുന്നവരെ അങ്ങിനെയാണ് ഉപദേശിച്ചത്.

വിലാസിനി ഉയർന്ന നിലയിലെത്തുമെന്ന് ടീച്ചർ വിശ്വസിച്ചിരുന്നു.

പക്ഷേ സംഭവിച്ചത് മറ്റൊന്നാണ്. പത്താം ക്ലാസിൽ ഉന്നത വിജയം നേടി കോളേജിൽ ചേർന്ന വിലാസിനി പ്രീഡിഗ്രി പഠിത്തം മുഴുമിക്കാതെ ബസ് കണ്ടക്ടറായ നീലകണ്ഠനോടൊപ്പം ഒളിച്ചോടിപ്പോയി.

ചുമരും ചാരി വിചാരം കൊണ്ടിരിക്കുന്ന പെൺകുട്ടികളെ ചൂണ്ടി ടീച്ചർ രോഷം കൊള്ളുന്നത് ഞാൻ എത്രയോ തവണ കേട്ടിരിക്കുന്നു.

'ആ വിലാസിനിയെപ്പോലെ ഭാവി തുലക്കാനെറങ്ങീരിക്യാ.”

വിലാസിനിയുടെ ഭാവി തുലഞ്ഞുവോ എന്നുറപ്പില്ല. വർഷങ്ങൾക്കപ്പുറം രണ്ടു കുഞ്ഞുങ്ങളുമായി ഭർത്താവില്ലാതെ അവൾ തിരികെ വന്നു. കുട്ടികൾ ഇപ്പോൾ വളർന്നിരിക്കുന്നു. മരിക്കുന്നതിന് മുമ്പ് ടീച്ചറും വിലാസിനിയും തമ്മിൽ കണ്ടോ എന്ന് അറിയില്ല. പക്ഷേ ഇപ്പോൾ വിലാസിനി പറയുന്നു.

ടീച്ചറവിടെ ചെന്നു എന്ന്. പ്രിയശിഷ്യയോട് പൊറുത്തു എന്ന്.

പിന്നെയും പലയിടത്തും പ്രിയ ശിഷ്യരെക്കാണാൻ ടീച്ചർ വന്നതായി വാർത്തകൾ വരാൻ തുടങ്ങി.

കുന്നിൻ മുകളിലെ കാപ്പിത്തോട്ടങ്ങളിൽ വിശന്നു വലഞ്ഞു കിടന്ന തമിഴ് ലായങ്ങളിലൊഴികെ കൂനം കുരിച്ചിയിലെ എല്ലാ പ്രദേശത്തും ടീച്ചർ ഏതു നിമിഷവും പ്രത്യക്ഷപ്പെട്ടേക്കും എന്ന നിലയായി.

വാസുവാണ് ഒരു കാര്യം വെളിവാക്കിയത്.

ടീച്ചർ ജീവിച്ചിരുന്നപ്പോൾ തറവാട്ടു പറമ്പിലെ പുറം പണികളെല്ലാം കൈകാര്യം ചെയ്തു പോന്നത് വാസുവായിരുന്നു.

ഒരു മൂന്നുനാലു കൊല്ലം മുമ്പാണ് ക്ലമൻസോ തരകൻ സ്റ്റേറ്റ്സിൽ നിന്നും ടീച്ചറെ സന്ദർശിക്കാനെത്തിയത്.



വിദേശികളായിപ്പോയ തരകന്മാർക്കിടയിൽ ടീച്ചറോട് പ്രത്യേക അടുപ്പമുള്ളത് അവന് മാത്രമായിരുന്നു. അന്ന് ടീച്ചറുടെ കാലശേഷം സ്വത്തുക്കൾ സംബന്ധിച്ച് ഒരു വിൽപത്രം തയ്യാറാക്കിയിരുന്നുവത്രെ. ടീച്ചറുടെ സ്വത്തുക്കൾ പലതും ബന്ധുജനങ്ങൾക്കല്ല പ്രിയശിഷ്യന്മാർക്കായാണ് എഴുതിവച്ചത് എന്ന് ശവമടക്കിന്റെയന്ന് ക്ലമൻസോ തരകൻ വാസുവിനോട് പറഞ്ഞുപോലും. തിരക്കായതിനാൽ അടക്കിന് പിറ്റേന്ന് സ്റ്റേറ്റ്സിലേക്ക് മടങ്ങിയ ക്ലമൻസോ ഒരു മാസം കഴിഞ്ഞ് വന്ന് എല്ലാറ്റിനും ഒരു തീർപ്പുണ്ടാക്കുമത്രെ.

മരണശേഷവും ടീച്ചർ ചിലരെ സന്ദർശിച്ചതിന്റെ രഹസ്യം അപ്പോഴാണ് എനിക്ക് പിടികിട്ടിയത്. എന്നെങ്കിലും ഞാൻ ടീച്ചറുടെ അരുമശിഷ്യനായിരുന്നിട്ടുണ്ടോ എന്ന് ഒരാത്മപരിശോധന നടത്തി നോക്കി.

എനിക്കല്പം നിരാശ തോന്നാതിരുന്നില്ല. ഒരു സാധാരണ വിദ്യാർത്ഥി മാത്രമായിരുന്ന എനിക്ക് അങ്ങനെ അവകാശപ്പെടാനായി ഒന്നുമുണ്ടായിരുന്നില്ല.

ട്യൂഷൻ കാലവും കഴിഞ്ഞ് പിന്നെയും എത്രയോ നാൾ ടീച്ചറെ അവിടവിടെയായി കണ്ടിരുന്നു. ചിലപ്പോൾ ഒന്ന് ചിരിച്ചേക്കും എന്നതിനപ്പുറത്തേക്ക് എന്റെ കുശലാന്വേഷണങ്ങൾ വളർന്നിരുന്നില്ല.

കുറേ ദൂരെ മാറി താമസിക്കുന്ന ടീച്ചറുടെ അപ്പന്റെ ബന്ധുക്കളിലൊരാളായ ഫ്രാൻസിസ് വിവരമറിഞ്ഞെത്തിയിരുന്നു.

ഫ്രാൻസീസ് രോഷത്തോടെ പറഞ്ഞു.

'ഇതാ മഹാ പോക്കണംകേടായിപ്പോയി. ഒന്നുമല്ലേലും പള്ളീലടക്കണ നേരത്ത് ഞങ്ങളൊക്കെയല്ലേ ഉണ്ടായുള്ളോ. ഇതാ ക്ലമൻസോയുടെ പണിയാണ്. അമേരിക്കേല് പൂത്ത കാശാണ് എന്ന് കരുതി സ്വത്ത് മുഴുവൻ നാട്ടുകാർക്ക് ഇഷ്ടദാനം കൊടുക്കണോ. ഒന്നാലോചിച്ചാ ടീച്ചറുടെയപ്പന്റെ ചോരേ പിറന്ന കൂട്ടുകാരല്ലേ ഞങ്ങളും'

അതേ, എല്ലാ ക്ലമൻസോയ്ക്കേ അറിയൂ. നാട്ടുകാരും, കൂട്ടുകാരും ഉറപ്പിച്ചു.

ഇന്നലെയാണ് ക്ലമൻസോ സ്റ്റേറ്റ്സിൽ നിന്നും വന്നത്. വലിയ ആൾക്കൂട്ടമായിരുന്നു പഴകിയ തറവാടിന്റെ പൂപ്പൽ പിടിച്ച മുറ്റത്ത് ആളുകൾ തടഞ്ഞു നിന്നു.

എല്ലാ കണ്ണുകളും സിറ്റൗട്ടിൽ കസാലയിലിരിക്കുന്ന ക്ലമൻസോയുടെ നേർക്കാണ്. പേരുകൾ എഴുതിവച്ചിട്ടുണ്ടെന്നും ഇല്ലെന്നും അഭ്യൂഹങ്ങളുണ്ടായി. വേണമെങ്കിൽ ക്ലമൻസോക്ക് തീരുമാനിക്കാനുള്ള അവകാശമുണ്ടത്രെ.

ചിലരെല്ലാം മുള്ളുവേലികൊണ്ട് അതിരിട്ട അമ്പതു സെന്റ് പുരയിടത്തിന് മനസ്സുകൊണ്ട് വിലയിടുകയായിരുന്നു.

സെന്റൊന്നിന് മൂന്നുലക്ഷം കണക്കാക്കിയാൽ ഭൂമിക്ക് തന്നെ വരും ഒരൊന്നരക്കോടി. പിന്നെ കൊള്ളാവുന്ന അഞ്ചെട്ട് തേക്കുണ്ട്, പത്ത് പതിനഞ്ച് ആഞ്ഞിലി, രണ്ട് വീട്ടി, മേലോട്ട് അല്പം ഉയർച്ചയുണ്ട്. അവിടെ നിന്ന് മണ്ണെടുത്ത് വിറ്റാലും കാശാണ്.

ആരൊക്കെയോ ചേർന്ന് വീട്ടിനുള്ളിൽ നിന്നും പലവിധ സാധനങ്ങൾ എടുത്ത് കൊണ്ടുവന്ന് ക്ലമൻസോ തരകന്റെ അടുത്തിട്ടിരിക്കുന്ന മേശയിൽ വച്ചു.

പഴയ ടി.വി, കുറേ പേനകൾ, ചില കളിപ്പാട്ടങ്ങൾ, പഴയ സമ്മാനങ്ങൾ അങ്ങനെ ചിലതെല്ലാം പിന്നെ ടീച്ചറുടെ എക്കാലത്തെയും പ്രിയപ്പെട്ട പുസ്തകങ്ങളും.

ഇതൊക്കെ എന്തിനാണ് എടുത്ത് നിരത്തണത്. കണ്ടു നിന്നവർ അത്ഭുതം കൂറി.

വിൽപത്രം വായിച്ചുകഴിഞ്ഞാ അതിന്റെ കോപ്പി ആവശ്യപ്പെടണം. ആൾക്കൂട്ടത്തിനിടയിൽ നിന്ന് ഫ്രാൻസിസ് വിളിച്ചുപറഞ്ഞു.

എല്ലാ ഉത്കണ്ഠകൾക്കും മുകളിലേക്ക് ക്ലമൻസോയുടെ വാക്കുകൾ വന്നു വീണു.

വീടും സ്ഥലവും ഓരോർഫനേജിനാണ്. ബാക്കി വസ്തുക്കളാണ് പ്രിയപ്പെട്ടവർക്കായി വീതിക്കുക.

വെള്ളിടി വെട്ടിയ പോലെ ജനം തരിച്ചുനിന്നു.

ഇതൊക്കെ വീതം വയ്ക്കാൻ ഞങ്ങൾക്കെന്താ ആക്രികച്ചവടമാണോ എന്ന് തോമാച്ചൻ മനസ്സിൽ പറഞ്ഞത് അല്പം ഉറക്കെയായിപ്പോയി.

ആക്രിക്കാർ തന്നെയേ ഉണ്ടായുള്ളൂ. പ്രിയശിഷ്യരിൽ ആരെങ്കിലും എന്തെങ്കിലും എടുത്തോ എന്നറിയില്ല. ടീച്ചറുടെ അരുമകളിൽ പെടില്ല എന്നുറപ്പുള്ളതിനാൽ അല്പം വൈകിയാണ് ഞാനെത്തിയത്.

ആക്രിക്കാർക്ക് കൊടുക്കാൻ മനസു വരാത്തത് കൊണ്ട് മാറ്റി വച്ചിരുന്ന പുസ്തകങ്ങളിൽ ചിലത് എടുത്തുകൊള്ളാൻ ക്ലമൻസോ ഒരു പരിചയവുമില്ലെങ്കിലും എന്നോട് പറഞ്ഞതാണ്. എന്നാൽ കൈയ്യൊഴിവില്ലെന്ന് പറഞ്ഞ് ഞാൻ തിരികെപ്പോരുകയായിരുന്നു.